**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2132** **03-03-2025 - ൽ മറുപടിയ്ക്ക്**

**എടവണ്ണ സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഏറനാട് മണ്ഡലത്തിലെ എടവണ്ണ സി.എച്ച്.സി.യിൽ പുതുതായി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ഏറനാട് മണ്ഡലത്തിലെ എടവണ്ണ സി.എച്ച്.സി.യിൽ പുതുതായി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ ഫൌണ്ടേഷൻ പ്രവർത്തികളും പ്രി എഞ്ചിനീയറിംഗ് ബിൽഡിംഗ് (PEB) ഇറക്ഷൻ പ്രവൃത്തികളും ഉൾപ്പെടെ ആകെ 55% പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണച്ചുമതല ആർക്കാണെന്നും എത്ര തുകയാണ് പ്രവർത്തിക്കായി വകയിരുത്തിയിട്ടുള്ളതെന്നും പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത സ്ഥാപനം ഏതാണെന്നും കരാർ പ്രകാരം എന്നാണ് പദ്ധതി പൂർത്തിയാക്കേണ്ടതെന്നും പ്രവൃത്തി മുടങ്ങാൻ ഉണ്ടായ സാഹചര്യം എന്താണെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ **(SPV)** കെ.എം.എസ്.സി.എൽ -ഉം നിർമ്മാണം നിർവ്വഹിക്കുന്നത് **M/s** തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയുമാണ് . പ്രസ്തുത പ്രവൃത്തിക്ക് **1,75,96,748/-** രൂപയാണ് ചെലവഴിക്കുന്നത്. കരാർ വ്യവസ്ഥ പ്രകാരം പ്രവൃത്തി ഉത്തരവ് നൽകി സ്ഥലം കൈമാറി 135 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ സാധന സാമഗ്രികളുടെ ലഭ്യതകുറവ് മൂലവും**,** പ്രതികൂല കാലാവസ്ഥയും**,** കരാർ ഏജൻസിയുടെ സാമ്പത്തിക പ്രതിസന്ധി കാരണവും കരാർ കാലാവധി ഉപാധികളോടുകൂടി **30.04.2025** വരെ നീട്ടി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയിൽ വീഴ്ച വരുത്തിയ നിർമ്മാണ കമ്പനിയെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം എന്നേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ? | (സി) | കരാർ കാലാവധിക്കുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാർ ഏജൻസിക്ക് 18.06.2024 -ന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കിഫ്ബിയുടെ നിർദേശമനുസരിച്ച് ഒന്നിലധികം മീറ്റിംഗ് നടത്തുകയും, കരാർ കാലാവധി ഉപാധികളോട്ട കൂടി 30.04.2025 വരെ നീട്ടി നൽകിയിട്ടുമുണ്ട്. നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ